# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ ആഗസ്റ്റ് 2015)

Ph : 0490 2344430, E-mail : catechesistly@gmail.com

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
(ലൂക്ക 2:52)

പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റേയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനത്തിന്റേയും മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി മാതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

### 1. സർവ്വേ ഫോം - 2016

2015-2016 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഉടനെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

### 2. ഓണപരീക്ഷ

ഓണപരീക്ഷ സെപ്റ്റംബർ 13-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 13-ാം തീയ്യതി ഞായറാഴ്ച്ചത്തെ കുട്ടികൾക്ക് വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് നേരത്തേ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-3 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം | 1-6 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | ഭാഗം 1, ഭാഗം 2-1, 2 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-6 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി ഈ വർഷത്തെ പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

### 3. ആസ്പെക്ട് 2014-2015

2014-2015 വർഷത്തെ മാതാപിതാക്കളും വിശ്വാസപരിശീലനവും എന്ന വിഷയത്തെക്കുറിച്ച് പരീക്ഷയോ പ്രബന്ധമോ എഴുതിയിട്ട് മാർക്ക് ലഭിക്കാത്ത അധ്യാപകരുടെ പേരും വീട്ടുപേരും ഇടവകയും ഇംഗ്ലീഷിൽ എഴുതി ഒരു ലിസ്റ്റ് ഓഫീസിലേക്ക് അയച്ചുതന്നാൽ അവരുടെ മാർക്ക് ചേർത്ത് തിരിച്ചയക്കുന്നതാണ്. പേരിനോടൊപ്പം ദൈവശാസ്ത്രകോഴ്സിന്റെ ഐ.ഡി. നമ്പറുകൂടി ചേർക്കണം. ഈ വിഷയത്തിൽ പരീക്ഷയോ പ്രബന്ധമോ എഴുതിയവരുടെ മാർക്ക് ദൈവശാസ്ത്രകോഴ്സിൽപ്പെടുത്തിയിട്ടുള്ളതുകൊണ്ട് അവർക്ക് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കുന്നതല്ല. ബാക്കിയുള്ളവർക്ക് സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

### 4. ലൂമെൻ എക്ലേസിയേ (ദൈവശാസ്ത്രകോഴ്സ്)

ഓരോ സൺഡേ സ്കൂളിലും ദൈവശാസ്ത്രകോഴ്സ് പഠിക്കുന്നവരുടെ വിവരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ടതുണ്ട്. അതിനാൽ വെബ്സൈറ്റിൽ ഫോംസ് (forms) എന്ന് കൊടുത്തിരിക്കുന്നതിൽനിന്ന് ലൂമെൻ എക്ലേസിയ എന്ന ഫോമിന്റെ കോപ്പിയെടുത്ത് ദൈവശാസ്ത്രകോഴ്സ് പഠിക്കുന്ന അധ്യാപകരുടെ പേരുവിവരങ്ങൾ ചേർത്ത് ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

**5. ആസ്പെക്ട് (പ്രവാചകരുടെ പാതയിൽ)**

അദ്ധ്യാപകരുടെ തുടർപഠനഭാഗമായി പഠിക്കാനുള്ളത് റവ. ഡോ.ആന്റണി തറേക്കടവിൽ എഴുതിയ 'പ്രവാചകരുടെ പാതയിൽ' എന്ന പുസ്തകമാണ്. ദൈവശാസ്ത്ര കോഴ്സിൽ ചേർന്നിട്ടുള്ളവർ വിഷയത്തെക്കുറിച്ച് പ്രബന്ധം എഴുതി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിക്കേണ്ടതാണ്. അവരുടെ പേരുകൾ ദൈവശാസ്ത്രകോഴ്സിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതുപോലെ ആയിരിക്കണം എഴുതേണ്ടത്. ഒപ്പം അവരുടെ ഐ.ഡി നമ്പർ കൂടി പേരിനോടൊപ്പം ചേർക്കേണ്ടതാണ്. ഈ കോഴ്സിൽ ചേരാത്ത അദ്ധ്യാപകർ 27.02.2016 ന് നടത്തുന്ന പരീക്ഷയോ പ്രബന്ധമോ എഴുതി കാറ്റിക്കിസം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**6. ധ്യാനം : ക്ലാസ് XII (*TESTES DOMINI*) ആഗസ്റ്റ് 14-16**

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ അറിയിച്ചിരുന്നതുപോലെ പഠനത്തിന്റെ ഭാഗമായി XII-ാം ക്ലാസിലെ കുട്ടികളെ 'കർത്താവിന് സാക്ഷികളായിത്തീരുവാൻ' ഒരുക്കുന്നതിനുവേണ്ടി ഈ വർഷം മദർ ഹോമിൽവച്ച് ***TESTES DOMINI*** എന്ന പേരിൽ പൊതുവായ ധ്യാനമാണുള്ളത്. രണ്ടാമത്തെ ധ്യാനം **ആഗസ്റ്റ് 14,15,16 തീയതികളിലായി ആലക്കോട്, കാഞ്ഞങ്ങാട്, പൈസക്കരി** തുടങ്ങിയ ഫൊറോനകളിലെ കുട്ടികൾക്കായി മദർ ഹോമിൽ വച്ച് നടത്തുന്നു. **14ന് വെള്ളിയാഴ്ച്ച രാവിലെ 9.30ന് ആരംഭിച്ച് 16ന് 1മണിക്ക് ധ്യാനം അവസാനിക്കുന്നതാണ്.** ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലേയും കുട്ടികളെ ധ്യാനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ധ്യാന ഫീസ് 300 രൂപ. ഹെഡ്മാസ്റ്റർമാർ ഈ വിവരം കുട്ടികളെ നേരത്തേ അറിയിച്ച് ധ്യാനത്തിനായി അവരെ ഒരുക്കേണ്ടതാണ്. എല്ലാ കുട്ടികളും നിർബന്ധമായും ഈ ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. കൂടാതെ ധ്യാനം സംബന്ധിച്ചുള്ള വിവരങ്ങൾ പള്ളിയിൽ മാതാപിതാക്കന്മാരെകൂടി അറിയിക്കാൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തേണ്ടതാണ്. കഴിഞ്ഞ ധ്യാനത്തിൽ തളിപറമ്പ്, ചെമ്പന്തൊട്ടി, മേരിഗിരി എന്നീ ഫൊറോനകളിൽനിന്ന് 500 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനവിജയത്തിനായി സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും അധ്യാപകർക്കും നന്ദി.

**7. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം**

2015-2016 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ ശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നുംകൊടുക്കേണ്ടതാണ് ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അവരുടെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | തോമസ് പയ്യമ്പള്ളി |
| ചെമ്പന്തൊട്ടി | ജോയി കുരിശുകുന്നേൽ |
| ചെമ്പേരി | മാത്യു കൊട്ടാരത്തിൽ |
| ചെറുപുഴ | ജോസ് മേച്ചേരിൽ |
| എടൂർ | വിപിൻ തെക്കേൽ |
| കാഞ്ഞങ്ങാട് | ജേക്കബ് ഞാവള്ളി തെക്കേൽ |
| കുന്നോത്ത് | ആന്റണി മേച്ചേരികുന്നേൽ |
| മേരിഗിരി | സെബാസ്റ്റ്യൻ മണലിൽ |
| നെല്ലിക്കാംപൊയിൽ | ദേവസ്യ മുണ്ടപ്പള്ളിൽ |
| പൈസക്കരി | ആന്റണി കുടക്കച്ചിറ |
| പനത്തടി | പയസ് പറയിടം |
| പേരാവൂർ | ബേബി പാലക്കലോടി |
| തളിപ്പറമ്പ് | തോമസ് ആലുങ്കൽ |
| തോമാപുരം | ജെയിംസ് തെക്കേയറ്റം |
| വായാട്ടുപറമ്പ് | റോയി ഓലിക്കൽ |
| വെള്ളരിക്കുണ്ട് | ജോർജ് കൊല്ലക്കൊമ്പിൽ |

**8. മതബോധന കൗൺസിൽ /പി.ടി.എ.**

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

**9. ഡി.വി.ഡി., വീഡിയോ : ക്ലാസ് I - IV**

കമ്പ്യൂട്ടറിന്റെ സഹായത്തോടെ ആകർഷകമായ രീതിയിൽ I മുതൽ IV വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന് സഹായിക്കുന്ന നാല് വീഡിയോ സിഡികൾ ഓഫീസിൽ ലഭ്യമാണ്. വില ഓരോന്നിനും 60 രൂപവീതം. എല്ലാ സൺഡേസ്കൂളുകളും പ്രസ്തുത സിഡികൾ വാങ്ങേണ്ടതാണ്.

## 10. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിനെക്കുറിച്ച് എല്ലാ അധ്യാപകരേയും കുട്ടികളേയും അറിയിക്കേണ്ടതാണ്. വെബ്സൈറ്റിൽ (catechismthalassery.org) എല്ലാ അധ്യാപകരുടെയും കുട്ടികളുടെയും പേരു വിവരങ്ങൾ കൃത്യമായി ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. അടുത്തുള്ള ഹെഡ്മാസ്റ്റർമാരുടെയും അധ്യാപകരുടെയും സഹായം തേടാവുന്നതാണ്. പ്രോഗ്രസ് കാർഡിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ക്ലാസ് അധ്യാപകരെക്കൊണ്ട് പൂരിപ്പിച്ചാൽ വെബ്സൈറ്റിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കാൻ എളുപ്പമാകും. ജനന-മാമ്മോദീസ തീയതികൾ കൃത്യമായും പേര്, വീട്ടുപേര് എന്നിവ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. റിപ്പോർട്ട് സെക്ഷനിലെ ടീച്ചേഴ്സ് ലിസ്റ്റും സ്റ്റുഡൻസ് ലിസ്റ്റും പരിശോധിച്ചാൽ നിങ്ങൾ ചേർത്ത എല്ലാ വിവരങ്ങളും കാണുവാൻ സാധിക്കും.

## 11. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യായന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കണം. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 12. ജനറൽ/മോഡൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികളെ വെബ്സൈറ്റ് പരിചയപ്പെടുത്തുമല്ലോ.

## 13. ആദരാഞ്ജലികൾ

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട നെടുംപുറംചാൽ സൺഡേ സ്കൂൾ അധ്യാപകനായിരുന്ന ജോൺ വട്ടമറ്റം സാറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 41 വർഷക്കാലം സൺഡേ സ്കൂൾ അധ്യാപകനും ഹെഡ്മാസ്റ്ററും എന്ന നിലയിൽ ചെയ്ത എല്ലാ സേവനങ്ങളെയും നന്മകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. ജോൺ സാറിന്റെ ആത്മാവിന്റെ നിത്യശാന്തിയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

## 14. ബാങ്ക് വഴി അടയ്ക്കാം

ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ : 0490 2344430). താഴെ കൊടുത്തിരിക്കുന്ന പുതിയ അക്കൗണ്ടി ലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

| | | |
|---|---|---|
| A/Holder | : | Department of Catechesis |
| A/No | : | 0078053000073503 |
| IFSC | : | SIBL 0000078 |
| Bank | : | South Indian Bank, Thalassery |

## 15. ഡയറക്ടറച്ചന്റെ സന്ദർശനം

കാലിച്ചാനടുക്കം, കരയത്തുംചാൽ, ബദിയടുക്ക, ചെങ്ങോം എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ